ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.05.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. തമിഴ്നാട്ടിൽ, വിജയ് യുടെ നേതൃത്വത്തിലുള്ള **TVK** സർക്കാരിന് ഇന്ന് വിശ്വാസവോട്ടെടുപ്പ്.

   **Vijay's TVK Government Set to Face Floor Test in Tamil Nadu Assembly Today.**

2. പുതുച്ചേരി മുഖ്യമന്ത്രിയായി എൻ രംഗസാമി ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. കേരളത്തിൽ തീരുമാനം വൈകുന്നു.

   **N. Rangasamy to Take Oath as Puducherry Chief Minister Today; Decision in Kerala Delayed.**

3. ഇന്ത്യയുടെ ആതിഥേയത്വത്തിൽ ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന് നാളെ തുടക്കമാകും.

   **BRICS Foreign Ministers' Meeting to Commence Tomorrow Under India's Chairmanship.**

4. ഇറാന്റെ സമാധാന നിർദ്ദേശങ്ങൾ തള്ളി അമേരിക്ക; വെടിനിർത്തൽ കരാർ അനിശ്ചിതത്വത്തിൽ. യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഇന്ന് ചൈനയിൽ.

   **US Rejects Iran's Peace Proposals; Ceasefire Agreement Remains Uncertain. US President Donald Trump Visits China Today.**

5. നീറ്റ് ചോദ്യപേപ്പർ ചോർച്ചയിൽ അന്വേഷണം ആരംഭിച്ച് സിബിഐ.

CBI Takes Over Investigation into NEET Paper Leak.

6. ഐപിഎൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദിനെ 82 റൺസിന് പരാജയപ്പെടുത്തി ഗുജറാത്ത് ടൈറ്റൻസ്.

Gujarat Titans Defeat Sunrisers Hyderabad by 82 Runs in IPL Cricket.

&&&&&&&&&&&&&&&&&&&&

## PM-FIVE NATION TOUR

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആറു ദിവസത്തെ വിദേശ പര്യടനത്തിന് വെള്ളിയാഴ്ച തുടക്കമാകും. യു.എ.ഇ, നെതർലാൻഡ്സ്, സ്വീഡൻ, നോർവേ, ഇറ്റലി എന്നീ രാജ്യങ്ങളാണ് സന്ദർശിക്കുന്നത്. യു.എ.ഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സയ്ദ് അൽ നഹ്യാനുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ നെതർലാൻഡ്സിലെത്തുന്ന ശ്രീ.മോദി, വില്യം അലക്സാണ്ടർ രാജാവിനെയും പ്രധാനമന്ത്രി റോബ് യെട്ടനെയും സന്ദർശിക്കും. ഞായറാഴ്ച സ്വീഡനും തുടർന്ന് നോർവേയും ഇറ്റലിയും പ്രധാനമന്ത്രി സന്ദർശിക്കും.

&&&&&&&&&&&&&&&&&&&&

## MEA BRICS

ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന് ഇന്ത്യ ആതിഥേയത്വം വഹിക്കും. നാളെയും മറ്റന്നാളുമായി നടക്കുന്ന യോഗത്തിൽ വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറാണ് അധ്യക്ഷത വഹിക്കുന്നത്. യോഗത്തിൽ പങ്കെടുക്കാനെത്തുന്ന ബ്രിക്സ് വിദേശകാര്യ മന്ത്രിമാരും മറ്റ് പ്രതിനിധികളും പ്രധാനമന്ത്രി നരേന്ദ്ര

മോദിയെ സന്ദർശിക്കുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു.

&&&&&&&&&&&&&&&&&&&&

## TN-FLOOR TEST (INTRO)

തമിഴ്നാട്ടിൽ, തമിഴക വെട്രി കഴകം പാർട്ടിയുടെ നേതൃത്വത്തിലുള്ള സർക്കാരിന്റെ വിശ്വാസവോട്ടെടുപ്പ് ഇന്ന് നടക്കും. നിയമസഭയിൽ ഭൂരിപക്ഷം തെളിയിക്കുന്നതിന് മുന്നോടിയായി പാർട്ടി അധ്യക്ഷനും മുഖ്യമന്ത്രിയുമായ സി.ജോസഫ് വിജയ് വിവിധ പാർട്ടി നേതാക്കളുമായി കൂടിക്കാഴ്ചകൾ നടത്തിവരികയാണ്.

**വിശദാംശങ്ങളിലേക്ക്.....**
**( വോയിസ്....)**

## TN-FLOOR TEST (VOICE)

സഖ്യകക്ഷികളുടെ പിന്തുണയ്ക്കൊപ്പം, AIADMK യുടെ ഒരു വിഭാഗത്തിന്റെയും അമ്മ മക്കൾ മുന്നേറ്റ കഴകത്തിന്റെ ഏക എംഎൽഎയായ എസ്. കാമരാജിന്റെയും പിന്തുണ ടി.വി.കെ സർക്കാർ നേടിയിട്ടുണ്ട്. ഇതേ തുടർന്ന് ശ്രീ കാമരാജിനെ പാർട്ടിയിൽ നിന്ന് പുറത്താക്കി. നിലവിൽ ടി.വി.കെയ്ക്ക് ഇപ്പോൾ ഏകദേശം 150 എംഎൽഎമാരുടെ പിന്തുണയുണ്ട്. സർക്കാരിന് പിന്തുണ നൽകുന്നതിനെച്ചൊല്ലി AIADMK രണ്ട് ഗ്രൂപ്പുകളായി പിളർന്നു. മുൻ മുഖ്യമന്ത്രിയും പാർട്ടി ജനറൽ സെക്രട്ടറിയുമായ എടപ്പാടി കെ. പളനിസ്വാമിയുടെ നേതൃത്വത്തിലുള്ള എംഎൽഎമാർക്ക് ടി.വി.കെ സർക്കാരിനെ പിന്തുണയ്ക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പാർട്ടി വിപ്പ് ലംഘിക്കുന്നവരെ പുറത്താക്കുമെന്ന് മുതിർന്ന നേതാവ് അഗ്രി കൃഷ്ണമൂർത്തി മുന്നറിയിപ്പ് നൽകി. അതേസമയം വിജയ്ക്ക് പിന്തുണ നൽകിയ 30 എംഎൽഎമാരുടെ സംഘം എ.ഐ.എ.ഡി.എം.കെ നിയമസഭാ കക്ഷി നേതാവായി എസ്.പി. വേലുമണിയെ തിരഞ്ഞെടുത്തു. മുൻ മന്ത്രി സി.വി. ഷൺമുഖത്തിന്റെ വസതിയിൽ പാർട്ടി നേതാക്കൾ ഇന്നലെ യോഗം ചേർന്നിരുന്നു. വിശ്വാസ

വോട്ടെടുപ്പിൽ ടി.വി.കെ സർക്കാരിനെ പിന്തുണയ്ക്കുമെന്ന് ശ്രീ ഷൺമുഖം പ്രഖ്യാപിച്ചിട്ടുണ്ട്.

ന്യൂസ്ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&&&

## KERALA CM

കേരളത്തിന് പുതിയ മുഖ്യമന്ത്രിയെ നിശ്ചയിക്കാനുള്ള കോൺഗ്രസ് ഹൈക്കമാൻഡിന്റെ ചർച്ചകൾ ഡൽഹിയിൽ അവസാന ഘട്ടത്തിൽ. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയും രാഹുൽ ഗാന്ധിയും നടത്തുന്ന ചർച്ചകൾക്ക് ശേഷം അന്തിമ പ്രഖ്യാപനം ഇന്ന് ഉണ്ടാകുമെന്നാണ് നേതാക്കൾ പ്രതീക്ഷിക്കുന്നത്. കെ സി വേണുഗോപാൽ, വി ഡി സതീശൻ എന്നിവരുടെ പേരുകളാണ് പ്രധാനമായും പരിഗണയിലുള്ളത്.

&&&&&&&&&&&&&&&&&&&&

## PUDUCHERY CM

പുതുച്ചേരി മുഖ്യമന്ത്രിയായി എൻ രംഗസാമി ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. 30 അംഗ നിയമസഭയിൽ 18 സീറ്റ് നേടിയാണ് എൻ.ഡി.എ സഖ്യം പുതുച്ചേരിയിൽ തുടർഭരണം ഉറപ്പിച്ചത്.

&&&&&&&&&&&&&&&&&&&&

## WB-POLICE LAW AND ORDER

പശ്ചിമ ബംഗാളിൽ ഭരണമാറ്റത്തിന് പിന്നാലെ ക്രമസമാധാന നില ശക്തമാക്കാൻ പൊലീസ് നടപടി തുടങ്ങി. 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിന് ശേഷമുണ്ടായ രാഷ്ട്രീയ അക്രമങ്ങളുമായി ബന്ധപ്പെട്ട്, അന്വേഷണത്തിൽ വീഴ്ചയുണ്ടായ കേസുകൾ വീണ്ടും അന്വേഷിക്കാനും പുതിയ പരാതികളിൽ കേസെടുക്കാനും കമ്മീഷണർമാർക്കും എസ് പിമാർക്കും എഡിജിപി നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&&&&

## HARDEEP PURI-ENERGY SUPPLY

പശ്ചിമേഷ്യൻ പ്രതിസന്ധി ആഗോള ഊർജ വിതരണത്തെ ബാധിച്ചെങ്കിലും, ജനങ്ങൾക്ക് അമിതഭാരം നൽകാതെ സാഹചര്യം കൈകാര്യം ചെയ്യാൻ കേന്ദ്ര സർക്കാരിന് സാധിച്ചെന്ന് പെട്രോളിയം പ്രകൃതി വാതക മന്ത്രി ഹർദീപ് സിംഗ് പുരി. സി.ഐ.ഐ വാർഷിക ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അന്താരാഷ്ട്ര വിപണിയിലെ വിലക്കയറ്റം മൂലം ഇന്ത്യയിലെ എണ്ണക്കമ്പനികൾക്ക് പ്രതിദിനം 1,000 കോടി രൂപയുടെ നഷ്ടമുണ്ടെങ്കിലും രാജ്യത്തെ ഇന്ധന വിതരണത്തിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&

## WEST ASIA UPDATES

ഇറാന്റെ സമാധാന നിർദ്ദേശങ്ങൾ യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് തള്ളിയതോടെ, വെടിനിർത്തൽ കരാർ കൂടുതൽ പ്രതിസന്ധിയിലായി. ആണവ പദ്ധതികൾ പൂർണ്ണമായും നിർത്തലാക്കണമെന്ന അമേരിക്കയുടെ ആവശ്യം ഇറാൻ അംഗീകരിക്കാത്തതാണ് നയതന്ത്ര സ്തംഭനത്തിന് കാരണം. പശ്ചിമേഷ്യയിലെ സംഘർഷാവസ്ഥ ആഗോളവിപണിയിൽ ബ്രെന്റ് ക്രൂഡ്ഓയിൽ വില ബാരലിന് 100 ഡോളറിന് മുകളിലെത്തിച്ചു. അതിനിടെ, ഇറാന്റെ മിസൈലുകളെ പ്രതിരോധിക്കാൻ ഇസ്രായേലിന്റെ അയൺ ഡോം പ്രതിരോധ സംവിധാനം യു.എ.ഇയിൽ വിന്യസിച്ചതായി ഐക്യരാഷ്ട്രസഭയിലെ യു.എസ് സ്ഥാനപതി മൈക്ക് വാൾട്ട്സ് സ്ഥിരീകരിച്ചു. ലെബനനിൽ ഇസ്രയേലും ഹിസ്ബുള്ളയും തമ്മിലും ഏറ്റുമുട്ടൽ തുടരുകയാണ്.

&&&&&&&&&&&&&&&&&&&&&

## TRUMP-XI BEIJING SUMMIT

അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ന് ചൈനയിലെത്തും. ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. വ്യാപാരബന്ധം ശക്തിപ്പെടുത്തുന്നതിനായിരിക്കും ചർച്ചയിൽ മുൻഗണന നൽകുകയെന്ന് ട്രംപ് വ്യക്തമാക്കി. 2017-ന് ശേഷം ഒരു അമേരിക്കൻ പ്രസിഡന്റിന്റെ ആദ്യ ചൈന സന്ദർശനമാണിത്.

&&&&&&&&&&&&&&&&&&&&

## NEET UG – CBI

ഈ വർഷത്തെ നീറ്റ്-യുജി പരീക്ഷാ ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് സിബിഐ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. ഈ മാസം 3 ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തിയ നീറ്റ്-യുജി പരീക്ഷയിലാണ് ചോദ്യ പേപ്പർ ചോർന്നതായി പരാതിയുണ്ടായത്. കേസിൽ രാജസ്ഥാൻ പോലീസ് ഇതുവരെ 15 പേരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ക്രമക്കേടിന്റെ സൂത്രധാരനെന്ന് കരുതുന്ന മനീഷ് എന്ന വ്യക്തിയെ ഇന്നലെ ജയ്പൂരിൽ നിന്ന് അറസ്റ്റ് ചെയ്തിരുന്നു.

&&&&&&&&&&&&&&&&&&&&

## GOVT. GDP RELEASE

രാജ്യത്തെ വാർഷിക മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ താത്കാലിക കണക്കുകളും നാലാം പാദത്തിലെ ജി.ഡി.പി കണക്കുകളും പുറത്തുവിടുന്ന തീയതിയിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്തി. എല്ലാ വർഷവും ജൂൺ 7-നായിരിക്കും ഇനി ഔദ്യോഗിക കണക്കുകൾ പുറത്തുവിടുക. മെയ് മാസത്തിലെ അവസാന പ്രവൃത്തി ദിവസമായിരുന്നു വിവരങ്ങൾ പ്രസിദ്ധീകരിച്ചിരുന്നത്. ജി.ഡി.പി കണക്കുകളുടെ കൃത്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുകയാണ് ലക്ഷ്യമിടുന്നതെന്ന് സ്ഥിതിവിവരണക്കണക്ക് മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## PIYUSH GOYAL (INTRO)

ആഗോളതലത്തിലെ ഭൗമരാഷ്ട്രീയ - സാമ്പത്തിക വെല്ലുവിളികൾക്കിടയിലും ഇന്ത്യൻ സമ്പദ്വ്യവസ്ഥ ശക്തമായി മുന്നേറുകയാണെന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ സി.ഐ.ഐ വാർഷിക ബിസിനസ് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ്)

&&&&&&&&&&&&&&&&&&&&

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദിനെ 82 റൺസിന് തകർത്ത് ഗുജറാത്ത് ടൈറ്റൻസ് പോയിന്റ് പട്ടികയിൽ ഒന്നാമതെത്തി. ഇന്നലെ അഹമ്മദാബാദിൽ നടന്ന മത്സരത്തിൽ ഗുജറാത്ത് ഉയർത്തിയ 169 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഹൈദരാബാദ് 86 റൺസിന് എല്ലാവരും പുറത്താവുകയായിരുന്നു. മൂന്ന് വിക്കറ്റ് വീതം വീഴ്ത്തിയ കാഗിസോ റബാഡയും ജേസൺ ഹോൾഡറുമാണ് ഹൈദരാബാദിനെ തകർത്തത്. റബാഡയാണ് പ്ലെയർ ഓഫ് ദി മാച്ച്.

&&&&&&&&&&&&&&&&&&&&

## INDIAN WOMENS LEAGUE

ഇന്ത്യൻ വുമൺസ് ലീഗ് ഫുട്ബോളിൽ, തുടർച്ചയായ രണ്ടാം വർഷവും കിരീടം നിലനിർത്തി ഈസ്റ്റ് ബംഗാൾ. ഇന്നലെ നടന്ന മത്സരത്തിൽ സേതു എഫ്സിയും സെസ ഫുട്ബോൾ അക്കാദമിയും ഓരോ ഗോളിന് സമനിലയിൽ പിരിഞ്ഞതോടെയാണ്, പോയിന്റ് പട്ടികയിൽ മറ്റു ടീമുകൾക്ക് മറികടക്കാനാകാത്ത മുന്നേറ്റം ഉറപ്പാക്കിയ ഈസ്റ്റ് ബംഗാളിന്റെ കിരീടനേട്ടം.

&&&&&&&&&&&&&&&&&&&&

## MAHARASHTRA KILLED

മഹാരാഷ്ട്രയിലെ സാംഗ്ലി ജില്ലയിൽ മതപരമായ ചടങ്ങുകൾക്കിടെ മതിൽ ഇടിഞ്ഞുവീണ് ആറ് തീർത്ഥാടകർ മരിച്ചു. പതിനഞ്ചോളം പേർക്ക് പരിക്കേറ്റു. ശക്തമായ കാറ്റിലും മഴയിലുമാണ് മതിൽ തകർന്നത്. അപകടസമയം മുന്നൂറിലധികം തീർത്ഥാടകർ പ്രദേശത്തുണ്ടായിരുന്നു. സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&&&

## RAIN

കേരളത്തിൽ ശനിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ മുതൽ മഴ കനക്കുമെന്നാണ് മുന്നറിയിപ്പ്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&&&

## IMD – WEATHER

രാജസ്ഥാനിൽ ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. ഗുജറാത്ത്, മഹാരാഷ്ട്ര, പശ്ചിമ മധ്യപ്രദേശ് എന്നിവിടങ്ങളിലും ഇന്നും നാളെയും ഉഷ്ണതരംഗം മുന്നറിയിപ്പുണ്ട്. രാജ്യത്തിന്റെ വടക്കുകിഴക്കൻ മേഖലയിൽ ഇന്ന് ശക്തമായ മഴയ്ക്കും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&&&

## BIKE TAXI APPS BAN

മഹാരാഷ്ട്രയിൽ ഓല, ഊബർ, റാപ്പിഡോ തുടങ്ങിയ ബൈക്ക് ടാക്സി ആപ്പ് സേവനങ്ങൾ ഉടൻ നിർത്തലാക്കാൻ നിർദേശം നൽകി ഗതാഗത മന്ത്രി പ്രതാപ് സർനായിക്. സാധുവായ അനുമതിയോ, സർക്കാർ അംഗീകാരമോ ഇല്ലാതെയാണ് ഇത്തരം സേവനങ്ങൾ പ്രവർത്തിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. പൊതുസുരക്ഷയ്ക്ക് ഭീഷണിയായതിനാൽ അതത് കമ്പനി ഉടമകൾക്കെതിരെ എഫ്ഐആർ ഫയൽ ചെയ്യണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&